(സി) സെല്ലിന്റെ പ്രവർത്തനത്തിനായി നിലവിലുണ്ടായിരുന്ന ഏതെങ്കിലും തസ്തിക നിർത്തലാക്കിയിട്ടുണ്ടോ ;

(ഡി) സെല്ലിന്റെ പ്രവർത്തനങ്ങൾക്ക് ഈ വർഷത്തേക്ക് വകയിരുത്തിയിട്ടുള്ള തുക മുൻവർഷത്തേക്കാൾ കുറവാണോ ; എങ്കിൽ പ്രസ്തുതതുക ഈ സെല്ലിന്റെ പ്രവർത്തനത്തിന് പര്യാപ്തമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ കൂടുതൽ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ ഡിപ്പാർട്ടുമെന്റിനെ പഠന ഗവേഷണ പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിനാണ് പ്രതിരോധ നിയന്ത്രണ സെൽ (PEID സെൽ) രൂപീകരിച്ചിട്ടുള്ളത്. ഇതൊരു നിയന്ത്രണ ഏജൻസിയല്ല. പീഡ് സെൽ ശേഖരിക്കുന്ന വിവരങ്ങൾ ആരോഗ്യ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ഐ.ഡി.എസ്.പി. സെല്ലിനു കൈമാറുകയും അതുവഴി സർക്കാരിന് സമർപ്പിക്കുകയുമാണ് ചെയ്യുന്നത്.

(ബി&സി) ഇല്ല.

(ഡി) ആണ്. തുക പര്യാപ്തമാണ്.

(ഇ) കൂടുതൽ തുക അനുവദിക്കേണ്ട ആവശ്യമില്ല.

**ഡെങ്കിപ്പനി നിർമ്മാർജ്ജനം ചെയ്യാൻ നടപടി**

**19 (6724)** ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോവർഷവും ഡെങ്കിപ്പനിയുടെ എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അതിൽ മരിച്ചവർ എത്രയെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഡെങ്കികേസുകൾ ഇത്രത്തോളം വർദ്ധിക്കാനുണ്ടായ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) ഡെങ്കിപ്പനി പൂർണ്ണമായും ഇല്ലായ്മചെയ്യുന്നതിന് ഈ വർഷം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(ബി) ഉണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈഡിസ് ഈജിപ്തി, ഈഡിസ് ആൽബോപിക്റ്റസ് എന്നീ കൊതുകുകൾ വഴി മാത്രം പകരുന്ന ഒരു രോഗമാണ് ഡെങ്കിപ്പനി. ഈഡിസ് കൊതുകിന്റെ സാന്ദ്രത കൂടുന്ന അവസരങ്ങളിലാണ് ഡെങ്കിപ്പനി കൂടുതലാകുന്നത്.

കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനം (ഇടവിട്ട് പെയ്യുന്ന മഴ, അനുകൂലമായ അന്തരീക്ഷ താപനില, ഹ്യുമിഡിറ്റി മുതലായവ), നഗരവത്ക്കരണം മൂലം ജനങ്ങളുടെ ജീവിത ശൈലിയിലുണ്ടായ മാറ്റം, പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ അമിതമായ ഉപയോഗം, ജലദൗർലഭ്യമുള്ള സ്ഥലങ്ങളിൽ തുടർച്ചയായി വെള്ളം ശേഖരിച്ച് വയ്ക്കുന്നതിലെ അപാകതകൾ (അടച്ചുവയ്ക്കാത്തത്), റബ്ബർ, കൊക്കോ, അടയ്ക്ക, കൈതച്ചക്ക തോട്ടങ്ങളിൽ കൊതുകു വളരുന്ന സാഹചര്യം, മാലിന്യ സംസ്ക്കരണത്തിലെ പോരായ്മകൾ, വീട്ടിനകത്തും പുറത്തും വെള്ളം കെട്ടിനിൽക്കുന്ന സാഹചര്യം തുടങ്ങിയവ കൊതുകു വളരാൻ അനുകൂലമായ സാഹചര്യം സൃഷ്ടിക്കുന്നതാണ്. കൂടാതെ ടയർ റിപ്പയർ ചെയ്യുന്ന കടകൾ, കരിക്ക് വിൽക്കുന്ന സ്ഥലങ്ങൾ, ആക്രിക്കടകൾ, സാനിട്ടറി ഉൽപ്പന്നങ്ങൾ വെളിയിൽ സൂക്ഷിക്കുന്ന കടകൾ, ആൾപ്പാർപ്പില്ലാതെ കാടുപിടിച്ചു കിടക്കുന്ന സ്ഥലങ്ങൾ, ആഴം കുറഞ്ഞ കിണറുകൾ, തുറന്നു വച്ചിരിക്കുന്ന ജലസംഭരണികൾ, ടാങ്കുകൾ മുതലായവ, കൂളറുകൾ, ഫ്രിഡ്ജിനടിയിലെ ട്രേ, ചെടിച്ചട്ടിയ്ക്കടിയിലെ പാത്രങ്ങൾ, സൺഷേഡ്, ടെറസ്സ് മുതലായ സ്ഥലങ്ങളിൽ കെട്ടിനിൽക്കുന്ന വെള്ളം, പ്ലാസ്റ്റിക് ഷീറ്റുകൾ ഇവയിലെല്ലാം ഈഡിസ് കൊതുകുകൾ ധാരാളമായി വളരുന്നു. മറ്റ് കൊതുകുകളിൽ നിന്നും വ്യത്യസ്തമായി ഈഡിസ് കൊതുകുകൾ പകൽ സമയങ്ങളിൽ കടിക്കുന്നതുകൊണ്ടും രക്തപാനത്തിനായി ഒന്നിലധികം പേരെ ഒരേസമയം കടിക്കുന്നതുകൊണ്ടും രോഗപകർച്ച കൂടുന്നു.

(ഡി) ഡെങ്കിപ്പനി പൂർണ്ണമായും ഇല്ലായ്മ ചെയ്യണമെങ്കിൽ ഈഡിസ് കൊതുകുകളെ പൂർണ്ണമായും ഇല്ലാതാക്കേണ്ടതായുണ്ട്. ഇത് വളരെ ശ്രമകരമായ ഒന്നാണ്. എങ്കിലും താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പ് നടത്തിവരുന്നു.

- പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണപ്രവർത്തനങ്ങൾക്കുള്ള ഈ വർഷത്തെ കർമ്മ പരിപാടി (ആക്ഷൻ പ്ലാൻ) പ്രവർത്തന കലണ്ടർ അടക്കം തയ്യാറാക്കി അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ ജനുവരി മുതൽ ചിട്ടയായി നടന്നുവരുന്നു.
- മുഖ്യമന്ത്രിയുടെയും ആരോഗ്യ വകുപ്പുമന്ത്രിയുടെയും നേതൃത്വത്തിൽ സംസ്ഥാനതലത്തിലും ജില്ലകളിലും താഴെ തട്ടിലും ബന്ധപ്പെട്ട ജനപ്രതിനിധികളുടെ നേതൃത്വത്തിലും പ്രവർത്തന പുരോഗതി വിലയിരുത്തുകയും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

- ആരോഗ്യ പ്രവർത്തകർക്ക് ആവശ്യമായ പരിശീലനം കൊടുത്തു. കൈപുസ്തകങ്ങളും ചികിത്സാ മാർഗ്ഗരേഖകളും തയ്യാറാക്കി വിതരണം ചെയ്തു.

- ഏപ്രിൽ, മെയ് മാസങ്ങളിൽ മഴക്കാലപൂർവ്വ ശുചീകരണം, കൊതുകിന്റെ ഉറവിട നശീകരണ ക്യാംപെയിനുകൾ, ജല ശുദ്ധീകരണ ക്യാംപെയിനുകൾ തുടങ്ങിയവ നടപ്പിലാക്കി.

- ഐ.ഡി.എസ്.പി. വഴി വിവിധ ജില്ലകളിൽ രോഗ നിരീക്ഷണം നടത്തി. രോഗം പൊട്ടിപ്പുറപ്പെടാൻ സാദ്ധ്യതയുള്ള സ്ഥലങ്ങൾ മുൻകൂട്ടി കണ്ടുപിടിച്ച് സത്വര കൊതുക് നിയന്ത്രണ നടപടികൾ തുടർച്ചയായി സ്വീകരിച്ചുകൊണ്ടിരിക്കുന്നു. കൊതുക് നിരീക്ഷണം, ശുചിത്വ നിരീക്ഷണം തുടങ്ങിയവ കാര്യക്ഷമമാക്കി മരുന്ന്, കൊതുക് നിയന്ത്രണ ഉപകരണങ്ങൾ, കീടനാശിനികൾ, മറ്റ് അനുബന്ധ സാമഗ്രികൾ തുടങ്ങിയവ ലഭ്യമാക്കിയിട്ടുണ്ട്.

- വാർഡ്തല ആരോഗ്യ ശുചിത്വ സമിതികൾക്കുൾപ്പെടെയുള്ള പകർച്ചവ്യാധി നിയന്ത്രണത്തിന് ഫണ്ട് ലഭ്യമാക്കി. രോഗം പൊട്ടിപ്പുറപ്പെടുന്നതനുസരിച്ച് പനി ക്ലിനിക്കുകൾ, പനി വാർഡുകൾ, മൊബൈൽ ക്ലിനിക്കുകൾ എന്നിവ ആവശ്യാനുസരണം തുടങ്ങാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് പ്രവർത്തിക്കേണ്ട അനുബന്ധ വകുപ്പുകളുടെ (ജലവിഭവ വകുപ്പ്, ശുചിത്വമിഷൻ, പി.ഡബ്ല്യു.ഡി., തദ്ദേശ സ്വയംഭരണ വകുപ്പ്, നഗരകാര്യ വകുപ്പ്, സോഷ്യൽ ജസ്റ്റിസ്, ഫിഷറീസ് മുതലായവ) ഏകോപന പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള മീറ്റിംഗുകൾ വിവിധ തലത്തിൽ സംഘടിപ്പിച്ചു. ജലദൗർലഭ്യമുള്ള സ്ഥലങ്ങളുടെ ലിസ്റ്റ് ജില്ലാതല ത്തിൽ തയ്യാറാക്കി ജലവിഭവ വകുപ്പിന് കൈമാറുകയുണ്ടായി. രോഗപ്പകർച്ച തടയാൻ ഡെങ്കിപ്പനി ബാധിച്ചിട്ടുള്ളയാളുകളെ കൊതുകു വലകളിൽ കിടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ക്രിട്ടിക്കൽ കെയറുള്ള ആശുപത്രികളിൽ വേണ്ട ചികിൽസാ സൗകര്യം ഉറപ്പ് വരുത്തിയിട്ടുണ്ട്. സ്കൂൾ കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്നതി നായി എല്ലാ ബുധനാഴ്ചകളിലും ആരോഗ്യ അസംബ്ലികൾ സംഘടിപ്പിക്കു കയും കൊതുകിന്റെ ഉറവിട നശീകരണത്തിന് വേണ്ട നിർദ്ദേശങ്ങളും പ്രതിജ്ഞകളും എടുപ്പിക്കുന്നുമുണ്ട്. ജൂൺ 29-ന് സംസ്ഥാന വ്യാപകമായി ഡ്രൈ ഡേ ആചരിക്കുകയുണ്ടായി. വീടുകളിലും പരിസരങ്ങളിലും കൊതുക് വളരാനുള്ള സാഹചര്യം ഒഴിവാക്കാൻ പൊതുജനാരോഗ്യ നിയമപ്രകാരമുള്ള നടപടികളും നടപ്പിലാക്കിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly